# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 5131 15/11/2019-ൽ മറുപടിയ്ക്ക്

**ലൈഫ് മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ബി.ഡി. ദേവസ്സി | | ശ്രീ.എ.സി.മൊയ്തീൻ (തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | സ്വന്തമായി സ്ഥലം ഉള്ളവർക്ക് ലൈഫ് മിഷനിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിനായി ആദ്യ തവണകൾ അനുവദിച്ച ഗുണഭോക്താക്കൾക്ക് അടുത്ത വിഹിതം കിട്ടുന്നതിനായി സാങ്കേതിക തടസ്സങ്ങൾ ഉണ്ടായിരിക്കുന്നത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | എ) | ലൈഫ് മിഷന്റെ രണ്ടാംഘട്ട പദ്ധതിയായ ഭൂമിയുള്ള ഭവനരഹിതർക്കുള്ള വീട് നിർമ്മാണത്തിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള ധനസഹായം 4 ലക്ഷം രൂപയാണ്. ഭവന നിർമ്മാണ പുരോഗതിയനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതമായി 80,000 രൂപയും ഹഡ്കോ വായ്പായിനത്തിൽ 2.20 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി ഒരു ലക്ഷം രൂപയും അനുവദിച്ച് വരുന്നുണ്ട്. തുടക്കത്തിൽ ഉണ്ടായിരുന്ന സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ചിട്ടുണ്ട്. |
| ബി) | കോടശ്ശേരി പഞ്ചായത്തിലെ ഇത്തരത്തിലുള്ള മുപ്പതോളം ഗുണഭോക്താക്കളുടെ നാലാം ഗഡു അനുവദിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ? | ബി) | തുക അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ